# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1327

06-03-2020 ൽ മറുപടിയ്ക്ക്

## കൈപ്പാട് നെൽകൃഷി

**ചോദ്യം**

ശ്രീ.റ്റി.വി.രാജേഷ്

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) കൈപ്പാട് നെൽകൃഷിയുടെ വിസ്തൃതി കൂട്ടുന്നതിന്റെ ഭാഗമായി കൈപ്പാട് നെൽകൃഷി ഭൂമിയിൽ വർഷങ്ങളായി കൃഷി ചെയ്യാത്തതിനാൽ കളയായി കടന്നുകയറിയ ചുള്ളിയും കണ്ടലും ഒഴിവാക്കി കൃഷിയോഗ്യമാക്കുമ്പോൾ വനം വകുപ്പിന്റെ ഇടപെടൽ മൂലം പ്രസ്തുത സ്ഥലത്ത് കൃഷി ചെയ്യാൻ സാധിക്കാത്തത് കണക്കിലെടുത്ത് ഇത് പരിഹരിക്കാൻ കൃഷി വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (എ) കൈപ്പാട് നെൽകൃഷിയുടെ വിസ്തൃതി കൂട്ടുന്നതിന്റെ ഭാഗമായി കൈപ്പാട് നെൽകൃഷി ഭൂമിയിൽ വർഷങ്ങളായി കൃഷി ചെയ്യാത്തതിനാൽ കളയായി കടന്നു കയറിയ ചുള്ളിയും കണ്ടലും ഒഴിവാക്കി കൃഷിയോഗ്യമാക്കുമ്പോൾ വനം വകുപ്പിന്റെ ഇടപെടൽ മൂലം പ്രസ്തുത സ്ഥലത്ത് കൃഷി ചെയ്യാൻ സാധിക്കാത്തത് പരിഹരിക്കുന്നതിന് 12/2/2020-ന് വിവിധ വകുപ്പുകളുടെ ഒരു യോഗം ചേരുകയും കാലാകാലങ്ങളായി നിലനിന്നിരുന്ന കണ്ടൽ നിലനിറുത്തുന്നതിനും കൃഷി ചെയ്യാതെ തരിശുകിടന്ന സ്ഥലങ്ങളിൽ കടന്നു കയറിയ കണ്ടലിനെ ബണ്ടുകളിലേക്ക് പുനർവിന്യസിക്കുന്നതിനും, അപ്രകാരം കണ്ടൽ പുനർവിന്യസിക്കുന്നതിന് എതിരെ വനം വകുപ്പ് നടപടികൾ സ്വീകരിക്കുന്നതിൽ നിന്നും പിന്മാറണമെന്നും തീരുമാനിക്കുകയും ചെയ്തു.<br><br>നെൽകൃഷിയ്ക്ക് ഭൂമി ഒരുക്കുന്നതിന്റെ ഭാഗമായി കണ്ടൽ മാറ്റുന്നതിനും, കണ്ടൽ പുനർ വിന്യാസം നടത്തുന്നതിനും മുന്നോടിയായി പരിശോധന നടത്തുന്നതിന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കണ്ണൂർ, ഫിഷറീസ് അഡീഷണൽ ഡയറക്ടർ, പ്രിൻസിപ്പൽ കൃഷി ഓഫീസർ, കണ്ണൂർ, പ്രോജക്റ്റ് ഡയറക്ടർ കൈപ്പാട് ഏര്യ ഡെവലപ്മെന്റ് സൊസൈറ്റി, |

| | | | |
|---|---|---|---|
| | | | എം.കെ.എഫ്.എസ് പ്രസിഡന്റ്/ സെക്രട്ടറി എന്നിവർ ഉൾപ്പെട്ട കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. |
| (ബി) | ഈ സർക്കാർ വന്നതിനുശേഷം കൃഷി ചെയ്യാതെ കിടന്ന കൈപ്പാട് ഭാഗത്ത് എത്ര ഏക്കർ സ്ഥലത്ത് പുതുതായി കൃഷി ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്; | (ബി) | കണ്ണൂർ ജില്ലയിൽ 400 ഏക്കർ സ്ഥലത്തും കാസർഗോഡ് ജില്ലയിൽ 47.5 ഏക്കർ സ്ഥലത്തും കോഴിക്കോട് ജില്ലയിൽ 5 ഏക്കർ സ്ഥലത്തും പുതുതായി കൃഷി ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) | കൈപ്പാട് ഏരിയ ഡെവലപ്മെന്റ് സൊസൈറ്റിയുടെ സഹകരണത്തോടെ പുതുതായി എത്ര ഏക്കർ സ്ഥലത്ത് കൈപ്പാട് കൃഷി ചെയ്യാനാണ് കൃഷി വകുപ്പ് ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ? | (സി) | കൈപ്പാട് ഏര്യ ഡെവലപ്മെന്റ് സൊസൈറ്റിയുടെ സഹകരണത്തോടെ 3000 ഏക്കർ സ്ഥലത്ത് കൈപ്പാട് കൃഷി ചെയ്യാനാണ് കൃഷി വകുപ്പ് ഉദ്ദേശിക്കുന്നത്. അതിനായി ചുള്ളിയും കണ്ടലും നീക്കം ചെയ്യുന്ന നടപടി ആരംഭിച്ചു കഴിഞ്ഞു. കൃഷി ചെയ്യുന്നതിനുള്ള വിത്തിനുള്ള നടപടി പ്രോജക്ട് ഡയറക്ടർ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**